പഞ്ചസാരയുടെ വില വർദ്ധനവ്

820. ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർദ്ധിച്ചുവരുന്ന പഞ്ചസാരയുടെ വില നിയന്ത്രിക്കാൻ ഗവൺമെന്ന് എന്ത് നടപടികളാണ് സ്വീകരിച്ചു ;

(ബി) റേഷൻകാർഡ് ഉടമയ്ക്ക് മാസത്തിൽ 3 കിലോഗ്രാം പഞ്ചസാര നിയന്ത്രിത വിലയ്ക്ക് റേഷൻകടകളിലൂടെ വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആളൊന്നുക്ക് പ്രതിമാസം 450 ഗ്രാം , നിരക്കിൽ റേഷൻ പഞ്ചസാര കിലോഗ്രാമിന് 4 രൂപ 80 പൈസ വിലയ്ക്ക് നൽകുന്നുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സൂപ്പർ മാർക്കറ്റുകൾ, മാവേലി സ്റ്റോറുകൾ, സഹകരണ മാവേലി സ്റ്റോറുകൾ എന്നിവ വഴി കിലോഗ്രാമിന് 5 രൂപ 70 പൈസ നിരക്കിൽ പഞ്ചസാര വിതരണം ചെയ്തു വരുന്നുണ്ട്.

(ബി) ഇപ്പോൾ സംസ്ഥാനത്തിന് ലഭിക്കുന്ന വിഹിതം ആളൊന്നിന് 450 ഗ്രാം നിരക്കിലുള്ള വിതരണത്തിന് മാത്രമേ മതിയാവുകയുള്ളൂ.

ആദിവാസികൾക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യൽ

821. ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യണമെന്നും അതിലുണ്ടാകുന്ന നഷ്ടം കേന്ദ്രസർക്കാർ സബ്സിഡി തരുമെന്നും കേന്ദ്രം സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അങ്ങനെ അറിയിച്ചതനുസരിച്ച് സംസ്ഥാനത്ത് 15-3-1986 വരെ എത്ര അരിയും മറ്റു ധാന്യങ്ങളും എവിടെയെല്ലാം നൽകി. :

(ബി) ഇതുമൂലം സംസ്ഥാനത്തിന് വന്ന നഷ്ടവും കിട്ടിയ സബ്സിഡിയും എത്ര ;

(സി) ആദിവാസികൾക്ക് ആർക്കും വേണ്ടാത്ത ഇരുമ്പ് അരിയും പരുക്കൻ അരിയുമാണ് വിതരണം ചെയ്യുന്നതെന്നുള്ള പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ പരാതിയെപ്പറ്റി അന്വേഷിച്ച് തെറ്റ് ചെയ്ത ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടികൾ എടുക്കാതിരിക്കാൻ കാരണമെന്താണ് ;

(ഇ) മേലിൽ ഇവർക്ക് നല്ല അരിയും ഭക്ഷ്യധാന്യങ്ങളും മാത്രം വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആദിവാസികൾക്ക് കുറഞ്ഞ നിരക്കിൽ തന്നെയാണ് കേന്ദ്രം ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നത്. അതുകൊണ്ട് സംസ്ഥാനത്തിന് കേന്ദ്രം സബ്സിഡി അനുവദിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല. ഈ പദ്ധതി അനുസരിച്ച് 15-3-1986 വരെ 8083.8 മെട്രിക് ടൺ അരിയും, 959.5 മെട്രിക് ടൺ ഗോതമ്പും സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly